പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 556** **13-10-2026-ൽ മറുപടിയ്ക്ക്**

**തിരുവല്ല നിയോജകമണ്ഡലത്തിലെ കിൻഫ്രാ ഇൻഡസ്ട്രിയൽ പാർക്കിനു വൈദ്യുതി കണക്ഷൻ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വർഗീസ് മാമ്മൻ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** തിരുവല്ല നിയോജകമണ്ഡലത്തിലെ കിൻഫ്രാ ഇൻഡസ്ട്രിയൽ പാർക്ക് തുറന്ന് പ്രവർത്തിക്കാൻ ആവശ്യമായ വൈദ്യുതി കണക്ഷനും ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുന്ന നടപടികൾ സംബന്ധിച്ച വിശദാംശം അറിയിക്കാമോ;

**മറുപടി:** കിൻഫ്രാ വ്യവസായ പാർക്കിലേക്ക് നിലവിൽ വൈദ്യുതി ലഭ്യമാണ്.

കുന്നംന്താനത്തിനും പരിസര പ്രദേശങ്ങളിലും വൈദ്യുത നിലവാരം മെച്ചപ്പെടുത്തുന്നതിലേയ്ക്കും, ഭാവിയിലേക്കുള്ള വൈദ്യുതിയുടെ അധിക ആവശ്യകത മുന്നിൽ കണ്ട് കൊണ്ടും വിഭാവനം ചെയ്തിട്ടുള്ള 33 കെ.വി കുന്നംന്താനം സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കുന്നംന്താനം കിൻഫ്രാ പാർക്കിൽ ത്വരിത ഗതിയിൽ പുരോഗമിച്ചുവരുന്നു .

16.9 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതി (33 കെ.വി സബ്സ്റ്റേഷൻ, കുന്നംന്താനം)-യിൽ 5 എം.വി.എ ശേഷിയുള്ള രണ്ട് 33/11 കെ.വി ട്രാൻസ്ഫോർമർ സ്ഥാപിച്ച് 11 കെ.വി-യിൽ കിൻഫ്രാ വ്യവസായ പാർക്കിലേക്ക് വൈദ്യുതി വിതരണം സാധ്യമാക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

നിലവിൽ കോമ്പൗണ്ട് മതിലിന്റെ നിർമാണം പൂർത്തീകരിച്ചിട്ടുണ്ട്. സബ്സ്റ്റേഷൻ കൺട്രോൾ റൂമിന്റെയും അനുബന്ധ ലൈനിന്റെയും പ്രവർത്തികൾക്കുള്ള വർക്ക് ഓർഡറുകൾ നൽകിയിട്ടുണ്ട്. ബാക്കിയുള്ള പ്രവർത്തികൾക്കുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. സബ്സ്റ്റേഷനിലേക്ക് 33 കെ.വി. വൈദ്യുതി എത്തിക്കുന്നതിനുള്ള ലൈൻ നിർമ്മാണത്തിന്റെ കരാർ നൽകി, പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത പാർക്കിലേക്ക് വൈദ്യുതി ലഭ്യമാക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; പ്രത്യേക മുൻഗണന നല്കി വൈദ്യുതി ലഭ്യത ഉറപ്പാക്കാൻ നടപടികൾ ത്വരിതപ്പെടുത്താമോ?

**മറുപടി:** കിൻഫ്രാ വ്യവസായ പാർക്കിലേക്ക് നിലവിൽ വൈദ്യുതി ലഭ്യമാണ്.

കുന്നംന്താനത്തിനും പരിസര പ്രദേശങ്ങളിലും വൈദ്യുത നിലവാരം മെച്ചപ്പെടുത്തുന്നതിലേയ്ക്കും, ഭാവിയിലേക്കുള്ള വൈദ്യുതിയുടെ അധിക ആവശ്യകത മുന്നിൽ കണ്ട് കൊണ്ടും വിഭാവനം ചെയ്തിട്ടുള്ള

33 കെ.വി കുന്നംന്താനം സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കുന്നംന്താനം കിൻഫ്രാ പാർക്കിൽ ത്വരിത ഗതിയിൽ പുരോഗമിച്ചുവരുന്നു .

16.9 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതി (33 കെ.വി സബ്സ്റ്റേഷൻ, കുന്നംന്താനം)-യിൽ 5 എം.വി.എ ശേഷിയുള്ള രണ്ട് 33/11 കെ.വി ട്രാൻസ്ഫോർമർ സ്ഥാപിച്ച് 11 കെ.വി-യിൽ കിൻഫ്രാ വ്യവസായ പാർക്കിലേക്ക് വൈദ്യുതി വിതരണം സാധ്യമാക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

നിലവിൽ കോമ്പൗണ്ട് മതിലിന്റെ നിർമാണം പൂർത്തീകരിച്ചിട്ടുണ്ട്. സബ്സ്റ്റേഷൻ കൺട്രോൾ റൂമിന്റെയും അനുബന്ധ ലൈനിന്റെയും പ്രവർത്തികൾക്കുള്ള വർക്ക് ഓർഡറുകൾ നൽകിയിട്ടുണ്ട്. ബാക്കിയുള്ള പ്രവർത്തികൾക്കുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. സബ്സ്റ്റേഷനിലേക്ക് 33 കെ.വി. വൈദ്യുതി എത്തിക്കുന്നതിനുള്ള ലൈൻ നിർമ്മാണത്തിന്റെ കരാർ നൽകി, പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**